പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4221. 25.06.2018 ന് മറുപടിയ്ക്ക്.

## തൊഴിൽമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം | ഉത്തരം

ശ്രീ.കെ. കൃഷ്ണൻകുട്ടി :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തൊഴിൽ, തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നീ മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതത്തെക്കുറിച്ചുള്ള വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ പദ്ധതി തിരിച്ച് നല്കാമോ;

(എ) തൊഴിൽ, തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നീ മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം താഴെ പറയും പ്രകാരമാണ്.

വ്യാവസായിക പരിശീലന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| പദ്ധതി | വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|---|
| സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം | 2015-16 | അനുവദിച്ചിട്ടില്ല | 91.90 ലക്ഷം |
| | 2016-17 | അനുവദിച്ചിട്ടില്ല | 196 ലക്ഷം |
| | 2017-18 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (VTIP) | 2015-16 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| | 2016-17 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| | 2017-18 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| മോഡൽ ഐ.ടി.ഐ. | 2016-17 | 175 ലക്ഷം | 75 ലക്ഷം |
| | 2017-18 | 175 ലക്ഷം | 75 ലക്ഷം |

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ.

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | | സംസ്ഥാന വിഹിതം | |
|---|---|---|---|---|
| | അംഗീകരിച്ച തുക | വർഷം | അനുവദിച്ച തുക. | അനുവദിച്ച വർഷം |
| മോഡൽ കരിയർ സെന്റർ | 38.28 ലക്ഷം രൂപ | 2015-16 | 50 ലക്ഷം രൂപ | 2017-18 |

കേരള അക്കാഡി ഫോർ സ്കിൽസ്-വഴി നടത്തുന്ന നൈപുണ്യ വികസന പദ്ധതികൾ

| വർഷം | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2017-18 | സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) | 15 കോടി രൂപ | 10 കോടി രൂപ | തുക ലഭ്യമായിട്ടില്ല |
| | പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) | 110 കോടി രൂപ | ഇല്ല | ആദ്യ രണ്ട് ഗഡുവായ 22 കോടി രൂപ സംസ്ഥാന ഖജനാവിലേക്ക് ലഭിച്ചിട്ടുണ്ട്. ടി തുക KASE ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2018-19 | സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) | 13.75 കോടി രൂപ | 10 കോടി രൂപ | തുക ലഭ്യമായിട്ടില്ല |

(ബി) ഓരോ പദ്ധതിയ്ക്കും എത്ര ഗഡു വീതം ലഭിച്ചിട്ടുണ്ട്; പദ്ധതികൾക്കായി ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ?

(ബി) വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വകുപ്പ് തിരിച്ചുള്ള കണക്ക് താഴെപറയും പ്രകാരമാണ്.

വ്യാവസായിക പരിശീലന വകുപ്പ്

i - (സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം)

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം വാർഷിക അടിസ്ഥാനത്തിൽ ലഭ്യമാകുന്ന തുക വി.ടി.പി. കൾ ട്രെയിനിംഗ് കോസ്റ്റ് റീഇംബേഴ്സ് ചെയ്യുന്നതിനുള്ള ബില്ല് സമർപ്പിക്കുമ്പോൾ മാത്രമാണ് വിതരണം ചെയ്യാറുള്ളത്. ഇതുപ്രകാരം 2015-16 ൽ 2.26 കോടി രൂപയും 2016-17-ൽ 1 കോടി രൂപയും 2017-18-ൽ 1.27 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. കൂടുതൽ ചെലവായ തുക 2015-16 ന് മുൻപ് ലഭ്യമായിട്ടുള്ള വകയിലുള്ളതാണ്.

ii – വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം.

ഈ പദ്ധതി സംബന്ധിച്ച ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2007-08 | 2,72,53,116/- |
| 2008-09 | 4,24,31,715/- |
| 2009-10 | 5,67,03,307/- |

| | |
|---|---|
| 2010-11 | 4,76,96,215/- |
| 2011-12 | 2,08,65,300/- |
| 2012-13 | 6,54,38,429/- |
| 2013-14 | 42,23,186/- |
| 2014-15 | 1,65,23,593/- |
| 2015-16 | 3,25,02,200/- |
| 2016-17 | 2,47,33,700/- |
| 2017-18 | 31,84,860/- |

iii – മോഡൽ ഐ.ടി.ഐ.

ഈ പദ്ധതി സംബന്ധിച്ച ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2016-17 | 250 ലക്ഷം |
| 2017-18 | 75 ലക്ഷം |

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം അനുവദിച്ചത് | | | സംസ്ഥാന വിഹിതം | |
|---|---|---|---|---|---|
| | ആദ്യഗഡു തുക | ചെലവഴിച്ചത് | | അനുവദിച്ച തുക | ചെലവഴിച്ചത് |
| | | 2017-18 | 2018-19 | | |
| മോഡൽ കരിയർ സെന്റർ | 22.968 ലക്ഷം രൂപ | 1,27,536 | 2626 | 50 ലക്ഷം രൂപ | 50 ലക്ഷം രൂപ |

കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-20) യുടെ സംസ്ഥാന ഘടകം (Centrally Sponsored State Managed Component) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡുവായ 4.62 കോടി രൂപയുടെയും രണ്ടാമത്തെ ഗഡുവായ 17.38 കോടി രൂപയുടെയും കേന്ദ്ര സർക്കാർ ഉത്തരവ് യഥാക്രമം 25.09.2017 ലും 19.02.2018 ലും ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക KASE ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. തുക ലഭ്യമാകുന്ന മുറക്ക് പദ്ധതികൾ നടപ്പിലാകുന്നതാണ്.

സെക്ഷൻ ഓഫീസർ